(സി) കേടുവന്ന നാഷണൽ ഹൈവേ നന്നാക്കാൻ എത്ര ലക്ഷം രൂപ വേണ്ടിവരും?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ഏകദേശം 350 കിലോമീറ്റർ നാഷണൽ ഹൈവേയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

(ബി) മുനിസിപ്പൽ അതിർത്തിയ്ക്കകത്തുള്ള കേടുവന്ന നാഷണൽ ഹൈവേ നന്നാക്കുവാൻ കേന്ദ്ര സർക്കാരിന്റെ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽനിന്നും സംസ്ഥാന സർക്കാർ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മുനിസിപ്പൽ അതിർത്തിക്ക് പുറത്തുള്ള റോഡ് നന്നാക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ഒരു സംഖ്യയും അനുവദിച്ചുകിട്ടിയിട്ടില്ല.

(സി) ഏകദേശം 667 ലക്ഷം രൂപ വേണ്ടിവരും.

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

* 179 [225] ശ്രീ. എം.കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വികസിപ്പിക്കുവാനും പുതിയ പദ്ധതികൾ ആരംഭിക്കുവാനുമുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് സ്റ്റേജിലിരിക്കുന്നു?

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) എല്ലാ ജില്ലകളിലും ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്. ഏതായാലും പാലക്കാട് ഒരു ജില്ലാ ആഫീസ് നടപ്പ് സാമ്പത്തിക വർഷത്തിൽതന്നെ തുടങ്ങുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ട് കാരണം എല്ലാ ജില്ലകളിലും ഓഫീസ് തുടങ്ങുന്ന കാര്യം സാവകാശമായി മാത്രമേ പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളു.

(ബി) കഴിഞ്ഞ വർഷം ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കും ഗവൺമെന്റിൽനിന്നും നേരിട്ടു ശമ്പളം വാങ്ങുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുമായി ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. അർഹരായ എല്ലാവരെയും ഈ പദ്ധതിയിൽ ചേർക്കുന്നതിനുവേണ്ട പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പുതിയ പദ്ധതികൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

ജൂനിയർ ടെക്നിക്കൽ കോഴ്സിന്റെ ടെർമിനൽ കോഴ്സ്

* 180 [226] ശ്രീ. കെ.ടി. കുമാരൻ:

ഡോ: എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

ജൂനിയർ ടെക്നിക്കൽ സ്കൂളുകളോടനുബന്ധിച്ച് പ്രസ്തുത കോഴ്സിന്റെ ടെർമിനലായി ഒരു ദ്വിവൽസര കോഴ്സ് അല്ലെങ്കിൽ ഒരുവർഷ കോഴ്സ് ഏർപ്പെടുത്തുവാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

കേരളത്തിലുള്ള 18 ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ പത്താം ക്ലാസ് കഴിഞ്ഞവർക്ക് വൊക്കേഷണൽ ദ്വിവൽസര കോഴ്സുകൾ നടത്തുന്നുണ്ട്. ഇതു ടെർമിനൽ കോഴ്സായി വിഭാവനം ചെയ്തിട്ടുള്ളതാണെങ്കിലും, തുടർന്ന് പഠിക്കുവാൻ ആഗ്രഹമുള്ളവർക്ക് അതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പത്താം ക്ലാസ് കഴിഞ്ഞവർക്കുവേണ്ടി ചില ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ നടത്തിവരുന്ന ഒരു വർഷ വൊക്കേഷണൽ കോഴ്സുകൾ, ദ്വിവൽസര കോഴ്സുകൾ തുടങ്ങിയതിനെത്തുടർന്ന് നിറുത്തിയിട്ടുണ്ട്. എങ്കിലും ജോലി സാദ്ധ്യത വളരെ മെച്ചമാണെന്നു കരുതുന്ന മൂന്നു കോഴ്സുകൾ നിർത്തലാക്കിയിട്ടില്ല.

1984–85–ൽ വാങ്ങിയ ടാർ

* 181 [227] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984–85 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ആവശ്യത്തിന് എത്ര ടൺ ടാർ വാങ്ങിയിട്ടുണ്ട്;

(ബി) 1985–86 സാമ്പത്തികവർഷത്തിൽ എത്ര ടൺ ടാർ വേണ്ടിവരുമെന്നാണ് ഏകദേശം കണക്കാക്കിയിട്ടുള്ളത്;

(സി) നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യത്തിന് വേണ്ട ടാർ ആവശ്യപ്പെടുന്ന സമയത്തുതന്നെ കൃത്യമായി ലഭിക്കാറുണ്ടോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) ബാരലുകളിലാക്കിയ 30289.003 ടണ്ണും ബാരലുകളില്ലാതെ 1201.108 ടണ്ണുമായി മൊത്തം 31490.111 ടൺ ടാർ 1984–85 സാമ്പത്തിക വർഷത്തിൽ വാങ്ങിയിട്ടുണ്ട്.

(ബി) ഉദ്ദേശം 50,000 ടൺ വേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ ആവശ്യത്തിനുള്ള ടാർ ഏറെക്കുറെ കൃത്യസമയത്ത് തന്നെ ലഭിക്കുന്നുണ്ട്.

വ്യാജ ടി.സി.എച്ച്. സർട്ടിഫിക്കറിന്റെ പേരിൽ സസ്പെൻറു ചെയ്യപ്പെട്ട അദ്ധ്യാപകരുടെ ഒഴിവുകൾ

* 182 [228] ശ്രീ. എ.വി. അബ്ദു റഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly